3

ആഗസ്റ്റ് 2020
തിങ്കൾ
1195 കർക്കടകം 19 1441 ദുൽ ഹജ്ജ് 13

കാരവൽ

THE FIRST DAILY IN KERALA WITH TWO LANGUAGE EDITIONS ESTABLISHED-1976

RNI Reg:No:70844/99 KARAVAL DAILY PUBLISHED FROM KASARAGOD കാസർകോട്•പുസ്തകം 27 •ലക്കം 135 •പേജ് 4 •വില: 5 രൂപ

സുഖകരമായ യാത്ര, ശ്രദ്ധേയമായ പരിചരണം
കാസർകോട്–ബാംഗ്ലൂർ (ദിവസവും)
മംഗലാപുരം–കാസർകോട്–എറണാകുളം (ദിവസവും)
ബുക്കിംഗിന് ബന്ധപ്പെടുക
BANGALORE (Shayda Marg.)
Kohinoor
Behind Sagar Talkies,
Ghandhi Nagar,Bangalore
080 2287 7199
KASARAGOD
Kohinoor (Safar) Travels
New Bus Stand. Ph: 04994- 223952,
230840, 227550, 9037314984
നിങ്ങളുടെ ആനന്ദം ഞങ്ങളുടെ സംതൃപ്തി

എസ് ഐയുടെ ഭാര്യ പാമ്പുകടിയേറ്റ് മരിച്ചു

നീലേശ്വരം: വീട്ടിനകത്തു വച്ച് അണലിയുടെ കടിയേറ്റ് അത്യാസന്ന നിലയിൽ കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ കഴിയുകയായിരുന്ന യുവതി മരണത്തിനു കീഴടങ്ങി.

കാസർകോട് ഡി സി ആർ ബിയിൽ എസ് ഐ ആയ നീലേശ്വരം, പള്ളിക്കര, കുഞ്ഞിപ്പുളിക്കാലിലെ ലതീഷ് കുമാറിന്റെ ഭാര്യ അർച്ചന(40)യാണ് മരിച്ചത്. കഴിഞ്ഞ മാസം 21ന് രാത്രിയിലാണ് അർച്ചനയ്ക്കു അണലിയുടെ കടിയേറ്റത്. ഉടൻ ജില്ലാ ആശുപത്രിയിൽ എത്തിച്ചു. സ്ഥിതി ഗുരുതരമായതിനാൽ പരിയാരം മെഡിക്കൽ കോളേജ് ആശുപത്രിയിലേയ്ക്കു മാറ്റി. പിന്നീട് കണ്ണൂർ, എ കെ ജി ആശുപത്രി, കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി എന്നിവിടങ്ങളിൽ ചികിത്സ നൽകി. നില അതീവ ഗുരുതരമായതോടെ കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിലേയ്ക്കു മാറ്റി. അണുബാധ ഉണ്ടായ കാൽ മുറിച്ചു മാറ്റുകയും ചെയ്തു. എന്നാൽ അണുബാധ കാരണം സ്ഥിതി കൂടുതൽ വഷളാവുകയും മരണപ്പെടുകയുമായിരുന്നു.

കണ്ണൂർ, പെരളശ്ശേരിയിലെ പവിത്രന്റെയും സ്വർണ്ണവല്ലിയുടെയും മകളാണ്. മക്കൾ: ജിതിൻ, നിഥിൻ.

2 കിലോ 400 ഗ്രാം കഞ്ചാവുമായി രണ്ടുപേർ പിടിയിൽ

കാസർകോട്: കോവിഡ് ആശങ്ക ഉയർത്തിക്കൊണ്ടിരിക്കെ മയക്കുമരുന്നുമായി പിടിമുറുക്കുന്നു.

ബന്തിയോടു നിന്നു കാറിൽ കടത്തുകയായിരുന്ന രണ്ടുകിലോ 400 ഗ്രാം കഞ്ചാവ് കാസർകോട് പൊലീസ് പിടിച്ചു.

കാറിലുണ്ടായിരുന്ന മട്ടന്നൂർ സ്വദേശികളായ കെ മെഹ്റൂഫ്, സി റമീസ് എന്നിവരെ അറസ്റ്റു ചെയ്തു. കാസർകോട് പൊലീസ് ഇൻസ്പെക്ടറുടെ നിർദ്ദേശപ്രകാരം എസ് ഐ, വനിതാ എസ് ഐ എന്നിവരുടെ നേതൃത്വത്തിൽ കറന്തക്കാട്ട് നടത്തിയ വാഹന പരിശോധനയിലാണ് കഞ്ചാവും പ്രതികളും പിടിയിലായത്.

ജില്ലയിൽ കോവിഡ് വ്യാപനം ആശങ്കാജനകം

കാസർകോട്: ജില്ലയിൽ ആറുമാസത്തിനുള്ളിൽ ഏറ്റവും കൂടുതൽ ആളുകൾക്കു കോവിഡ് സ്ഥിരീകരിച്ചത് ഈ മാസം ഒന്നിനായിരുന്നു- 153. ഇതിൽ 150 പേർ സമ്പർക്കം മൂലം രോഗബാധിതരായവരായിരുന്നു.ഇന്നലെരോഗബാധിതരുടെ എണ്ണം 113 ആയി കുറഞ്ഞെങ്കിലും ഇതിൽ 110 പേരും സമ്പർക്കം മൂലം രോഗ ബാധിതരായവരാണ്.

ജില്ലയിൽ 38 ഗ്രാമ പഞ്ചായത്തുകളിൽ ശരാശരി 22 പഞ്ചായത്തുകളിൽ ദിവസവും രോഗബാധിതരുണ്ടാവുന്നു.

മൂന്നു മുനിസിപ്പാലിറ്റികളിലും പതിവായി രോഗികളുണ്ടാവുന്നു. കാസർകോട് മുനിസിപ്പാലിറ്റിയിൽ ഇന്നലെ 29 പേർക്കു രോഗം ബാധിച്ചു.

ജില്ലയിലെ കോവിഡ് രോഗബാധിതർ

02–08–2020
കാസർകോട് മുനിസിപ്പാലിറ്റി–29
തൃക്കരിപ്പൂർ–18
ചെമനാട്–18
അജാനൂർ–02
ചെങ്കള–06
കള്ളാർ–01
കാഞ്ഞങ്ങാട്–07
കാറഡുക്ക–01
കയ്യൂർ ചീമേനി–02
കിനാനൂർ കരിന്തളം–01
കോടോംബേളൂർ–01
മടിക്കൈ–01
മംഗൽപ്പാടി–01
മഞ്ചേശ്വരം–02
മീഞ്ച–01
മുളിയാർ–02
നീലേശ്വരം–01
പടന്ന–03
പള്ളിക്കര–02
പനത്തടി–02
പല്ലൂർ പെരിയ–01
ഉദുമ–08
വലിയപറമ്പ–01
വെസ്റ്റ് എളേരി–01

01–08–2020
മംഗൽപാടി–18
മൊഗ്രാൽപുത്തൂർ–10
മഞ്ചേശ്വരം–10
ചെമനാട്–08
കുമ്പള–18
മധൂർ–23
ഉദുമ–10
ചെങ്കള–12
കയ്യൂർ ചീമേനി–02
കാസർകോട് നഗരസഭ–07
പടന്ന–01
വൊർക്കാടി–06
മീഞ്ച–04
ചെറുവത്തൂർ–01
നീലേശ്വരം–03
ബദിയഡുക്ക–04
എൻമകജെ–01
പൈവളിക–02
തൃക്കരിപ്പൂർ–03
പുത്തിഗെ–04
ബേഡഡുക്ക–02
കുറ്റിക്കോൽ–01
കാഞ്ഞങ്ങാട്–01
അജാനൂർ–01
പുല്ലൂർ പെരിയ–01

സംസ്ഥാനത്ത് രണ്ടുപേർ കൂടി കോവിഡ് ബാധിച്ച് മരിച്ചു
മരിച്ചത് ഉപ്പള, കോഴിക്കോട് സ്വദേശികൾ



വിനോദ് കുമാർ

കോഴിക്കോട്: സംസ്ഥാനത്ത് കോവിഡ് ബാധിച്ച് രണ്ടുപേർ കൂടി മരിച്ചു. കാസർകോട്, ഉപ്പള, ശാരദാ നഗറിലെ പരേതനായ സുന്ദര സാലിയാന്റെ മകൻ വിനോദ് കുമാർ (38), കോഴിക്കോട്, കക്കട്ടിൽ സ്വദേശി മരക്കാർ കുട്ടി (70) എന്നിവരാണ് ഇന്നു മരണപ്പെട്ടത്.വൃക്ക രോഗിയായ വിനോദ് കുമാർ പരിയാരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലായിരുന്നു. ഒരാഴ്ച മുമ്പ് പനി ബാധിച്ച നിലയിൽ വിനോദ് കുമാറിനെ ബന്തിയോട്ടെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു. അവിടെ നിന്നു ജനറൽ ആശുപത്രിയിലേയ്ക്ക് മാറ്റി. ഇവിടെ നടത്തിയ ആന്റിജൻ പരിശോധനയിൽ കോവിഡ് ബാധയുള്ളതായി കണ്ടെത്തുകയും പരിയാരത്തേക്ക് മാറ്റുകയും ചെയ്തു. ഇവിടെ ചികിത്സയിലിരിക്കെയാണ് വിനോദ് കുമാർ ഇന്നു പുലർച്ചെ മരിച്ചത്. എന്നാൽ കോവിഡ് ബാധിച്ചാണ് മരണമെന്ന് ഔദ്യോഗികമായി സ്ഥിരീകരിച്ചിട്ടില്ല. അമ്മ: രാധ. ഭാര്യ: ബബിത. ഒരുമകളുണ്ട്. സഹോദരങ്ങൾ: സന്തോഷ്, ശാലിനി, സുകന്യ.

അലംഭാവം തുടർന്നാൽ കർശന നടപടി: മുഖ്യമന്ത്രി

തിരു: കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ അലംഭാവവും വീഴ്ചയും ഉണ്ടായതായി മുഖ്യമന്ത്രി പിണറായി വിജയൻ. വീഴ്ച ഉണ്ടായ കാര്യം എല്ലാവരും ഓർക്കണം. നിരീക്ഷണവും സാമൂഹിക അകലം പാലിക്കലും ഗൗരവത്തോടെ കാണണം. വീഴ്ചകൾ ആവർത്തിച്ചാൽ കർശന നടപടിയെടുക്കേണ്ടിവരും- മുഖ്യമന്ത്രി പറഞ്ഞു.

പെർള ടൗണും അടച്ചു; പച്ചക്കറിക്കട ജീവനക്കാരന് കോവിഡ്

പെർള: മലയോര മേഖലക്കു നിത്യോപയോഗ സാധനങ്ങൾക്ക് അത്താണിയായിരുന്ന പെർള ടൗണും അടച്ചു. പെർള കെ കെ റോഡിലെ ഒരു പച്ചക്കറിക്കടയിലെ തൊഴിലാളിക്കു ശനിയാഴ്ച കോവിഡ് സ്ഥിരീകരിച്ചതിനെ തുടർന്നാണിത്. ബദിയഡുക്ക, മുള്ളേരിയ ഭാഗങ്ങളിൽ നിന്നു നിത്യോപയോഗ സാധനങ്ങൾക്ക് കൂട്ടമായി ആളുകൾ എത്തിയിരുന്നതു പെർളയിലായിരുന്നു. ഈ പച്ചക്കറിക്കടയിൽ നിന്നു മൂന്നു ദിവസത്തിനുള്ളിൽ സാധനങ്ങൾ വാങ്ങിയിരുന്നവർ സ്വയം നിരീക്ഷണത്തിൽ പ്രവേശിക്കണമെന്ന് ആരോഗ്യവകുപ്പ് മുന്നറിയിച്ചു. രോഗലക്ഷണം കാണുന്നവർ ഉടൻ പ്രാഥമികാരോഗ്യ കേന്ദ്രവുമായി ബന്ധപ്പെടണമെന്നും കൂട്ടിച്ചേർത്തുബദിയഡുക്ക ടൗണിലെ ഒരു ബേക്കറി വ്യാപാരിക്കും ശനിയാഴ്ച രോഗം സ്ഥിരീകരിച്ചതോടെ ബദിയഡുക്കയിൽ നിലവിലുണ്ടായിരുന്ന നിയന്ത്രണം നീട്ടി. ബദിയഡുക്കയിലും നീർച്ചാലിലും അവശ്യസാധനക്കടകൾ ഒന്നിടവിട്ട ദിവസങ്ങളിൽ തുറന്നു പ്രവർത്തിക്കാൻ അനുമതി നൽകിയിട്ടുണ്ട്. മുള്ളേരിയ ടൗണിലും ഇതേ നിയന്ത്രണമുണ്ട്.

യെദ്യൂരപ്പയുടെ ആരോഗ്യനില തൃപ്തികരം; മകൾക്കും കോവിഡ്

ബംഗ്ളൂരു: കോവിഡ് സ്ഥിരീകരിച്ചതിനെത്തുടർന്ന് ബംഗ്ളൂരുവിലെ മണിപ്പാൽ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട മുഖ്യമന്ത്രി ബി.എസ്.യദ്യൂരപ്പയുടെ നില തൃപ്തികരം. ആശുപത്രി അധികൃതരാണ് ഇക്കാര്യം അറിയിച്ചത്.

യെദ്യൂരപ്പയുടെ മകൾക്കും കോവിഡ് സ്ഥിരീകരിച്ചിട്ടുണ്ട്. ഇവരും മണിപ്പാൾ ആശുപത്രിയിലാണ്.

മുഖ്യമന്ത്രിയുടെ ഓഫീസ് ജീവനക്കാർക്കു നേരത്തെ കോവിഡ് ബാധ സ്ഥിരീകരിച്ചതിനെത്തുടർന്ന് യെദ്യൂരപ്പ വീട്ടിൽ നിരീക്ഷണത്തിലായിരുന്നു. കോവിഡ് ബാധ സ്ഥിരീകരിച്ച കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ നിലയും തൃപ്തികരമായി തുടരുന്നു.

ഇതിനിടയിൽ കോവിഡ് ബാധിച്ച് ചികിത്സയിലായിരുന്ന ഉത്തർപ്രദേശിലെ വനിതാ മന്ത്രി മരിച്ചു.

അതേസമയം രാജ്യത്ത് കോവിഡ് ബാധിതരുടെ എണ്ണം ഉയർന്നു കൊണ്ടിരിക്കുന്നു. 24 മണിക്കൂറിനുള്ളിൽ 52,972 പേർക്കു കൂടി രോഗം സ്ഥിരീകരിച്ചു. 771 പേർ മരിച്ചു. ആകെ മരണ സംഖ്യ38135 ആയി.

അന്തുക്കാ

നെല്ലിക്കുന്നിൽ കോവിഡ് രോഗബാധ കണ്ടെത്തിയതിനെത്തുടർന്ന് അതുവഴിയുള്ള യാത്ര ബാരിക്കേഡ് വച്ച് തടഞ്ഞപ്പോൾ

തീരപ്രദേശങ്ങളിൽ കോവിഡ് ബാധ: ആശങ്ക ഉയരുന്നു; നിയന്ത്രണം കർശനം

കാസർകോട്: ജില്ലയിലെ തീരപ്രദേശങ്ങളിൽ കോവിഡ് ബാധ ആശങ്ക ഉയർത്തുന്നു.

കാസർകോട് മുനിസിപ്പൽ പരിധിയിൽ ഇന്നലെ സ്ഥിരീകരിച്ച 29 രോഗബാധിതരിൽ 24 പേരും നെല്ലിക്കുന്നു പ്രദേശത്തുള്ളവരാണെന്നതാണ് ആശങ്ക വർധിപ്പിച്ചിട്ടുള്ളത്. കോട്ടിക്കുളത്ത് 14 പേർക്കു രോഗം സ്ഥിരീകരിച്ചതായി പഞ്ചായത്ത് പ്രസിഡണ്ട് കെ.എ.മുഹമ്മദലി അറിയിച്ചുകാസർകോട്ട് ഇന്നലെ ആരോഗ്യവകുപ്പ് 58 പേരിൽ നടത്തിയ പ്രാഥമിക പരിശോധനയിലാണ് 24 പേരിൽ രോഗലക്ഷണം പ്രകടമായത്. ഈ സാഹചര്യത്തിൽ ഇവിടെ കൂടുതൽ പരിശോധന നടത്തേണ്ടതുണ്ടോ എന്നതിനെക്കുറിച്ച് അധികൃതർ ആലോചിക്കുന്നു.

അഞ്ച് പൊലീസുകാർക്ക് കൂടി കോവിഡ്; ഉദ്യോഗസ്ഥർ ക്വാറന്റൈനിൽ

കാസർകോട്: അഞ്ചു പൊലീസുകാർക്കു കൂടി കോവിഡ് സ്ഥിരീകരിച്ചു. ഇതോടെ ജില്ലയിൽ കോവിഡ് ബാധിച്ച പൊലീസ് ഉദ്യോഗസ്ഥരുടെ എണ്ണം പന്ത്രണ്ടായി. ചന്തേര പൊലീസ് സ്റ്റേഷനിലെ സി.പി.ഒ ആയ ചെറുവത്തൂർ സ്വദേശി, ഹൊസ്ദുർഗ്ഗിലെ സിവിൽ പൊലീസ് ഓഫീസറായ തൃക്കരിപ്പൂർ സ്വദേശി, ബേക്കൽ പൊലീസ് സ്റ്റേഷനിലെ പിങ്ക് പൊലീസിലെ സി.പി.ഒ ആയ ആലപ്പുഴ സ്വദേശിനി മഞ്ചേശ്വരം പൊലീസ് സ്റ്റേഷനിലെ രണ്ടു പൊലീസുകാർ എന്നിവർക്കാണ് കോവിഡ് സ്ഥിരീകരിച്ചത്.ഇതേ തുടർന്ന് ചന്തേര, ഹൊസ്ദുർഗ്ഗ്, മഞ്ചേശ്വരം പൊലീസ് സ്റ്റേഷനുകളിലെ എസ്.ഐമാർ, ഇൻസ്പെക്ടർമാർ എന്നിവർ നിരീക്ഷണത്തിൽ പോയി.നേരത്തെ കുമ്പള പൊലീസ് സ്റ്റേഷനിലെ രണ്ടു എ.എസ്.ഐമാർ രണ്ടു സി.പി.ഒമാർ, എ.ആർ.ക്യാമ്പിലെ മൂന്നോളം പൊലീസുകാർ എന്നിവർക്കു കോവിഡ് സ്ഥിരീകരിച്ചിരുന്നു.

കോവിഡ് വ്യാപനം,രണ്ടു മരണങ്ങൾ; തൃക്കരിപ്പൂരിന് താഴ്

തൃക്കരിപ്പൂർ: കോവിഡ് വ്യാപനവും രണ്ടു മരണങ്ങളുമുണ്ടായ സാഹചര്യത്തിൽ തൃക്കരിപ്പൂർ പഞ്ചായത്തിൽ ഒരാഴ്ചത്തെ സമ്പൂർണ്ണ ലോക്ഡൗൺ പ്രഖ്യാപിച്ചു.

ഇന്നലെ തൃക്കരിപ്പൂർ പഞ്ചായത്തോഫീസിൽ ആരോഗ്യ പ്രവർത്തകരും പൊലീസും ജനപ്രതിനിധികളും നടത്തിയ യോഗമാണ് ഇക്കാര്യം തീരുമാനിച്ചത്.

പഞ്ചായത്തിലെ 21 വാർഡുകളിൽ 10 വാർഡുകളേയും കണ്ടയ്ൻമെന്റ് സോണുകളിലാക്കിയിട്ടുണ്ട്. കൈക്കോട്ട്കടവ്, ഉടുമ്പുന്തല എന്നിവിടങ്ങളിലാണ് കോവിഡ് മരണങ്ങൾ റിപ്പോർട്ട് ചെയ്തത്. കഴിഞ്ഞ ദിവസം തങ്കയത്തെ ഒരു ആരോഗ്യ പ്രവർത്തകയ്ക്കും രോഗം സ്ഥിരീകരിച്ചിരുന്നു. കോവിഡ് വൈറസ് കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ആദ്യ 100 ദിനങ്ങളിൽ തൃക്കരിപ്പൂർ പഞ്ചായത്തിൽ ഒരു കോവിഡ് കേസു പോലും റിപ്പോർട്ട് ചെയ്തിരുന്നില്ല. തുടർന്നുള്ള ദിവസങ്ങളിൽ അന്യ ദേശങ്ങളിൽ നിന്നു വന്ന വരിലാണ് രോഗം ആദ്യം കണ്ടെത്തിയത്. പിന്നീട് സമ്പർക്ക രോഗ ബാധയും വർദ്ധിക്കുകയായിരുന്നു. ഇന്നലെ ചേർന്ന സർവ്വകക്ഷിയോഗ തീരുമാന പ്രകാരം തങ്കയംമുക്ക് മുതൽ ബീരിച്ചേരി ഗേറ്റ് വരെ ഒരു കടയും ഒരാഴ്ചത്തേക്ക് തുറക്കില്ല. ഇരുചക്ര വാഹനങ്ങളടക്കം സ്വകാര്യ വാഹനങ്ങൾ റോഡിൽ ഇറങ്ങില്ല. ഗ്രാമീണ മേഖലയിൽ ചൊവ്വ, വ്യാഴം, ശനി ദിവസങ്ങളിൽ അവശ്യ സാധനങ്ങൾ വിൽക്കുന്ന കടകൾ മാത്രം പ്രവർത്തിക്കും. 14 ദിവസത്തേക്ക് കല്യാണം തുടങ്ങിയ ആഘോഷ പരിപാടികൾ മാറ്റിവയ്ക്കാനും നിർദ്ദേശമുണ്ട്.

സർവ്വകക്ഷി യോഗത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് എ.ജി.സി ബഷീർ, പഞ്ചായത്ത് പ്രസിഡണ്ട് വി.പി. ഫൗസിയ, ചന്തേര എസ്.ഐ.നിസാം, എം.രാമചന്ദ്രൻ, ഇ.വി.ഗണേശൻ, സത്താർ, കെ.വി.മുകുന്ദൻ, കെ.രാജൻ തുടങ്ങിയവർ സംബന്ധിച്ചു.

ഉപ്പളയിലെ വയോധികയ്ക്ക് കോവിഡ് ബാധിച്ചത് കർണ്ണാടകയിൽ നിന്നെന്നു സൂചന

ഉപ്പള: കോവിഡ് ബാധിച്ച് ചികിത്സയിലിരിക്കെ മരിച്ച വയോധികയ്ക്ക് കോവിഡ് ബാധിച്ചത് കർണ്ണാടകയിൽ നിന്നാണെന്നു സൂചന. ഉപ്പള, ബപ്പായിത്തൊട്ടിയിലെ ശഹർബാനു (74) വാണ് ഇന്നലെ മരിച്ചത്. കഴിഞ്ഞ മാസം 28നാണ് ശ്വാസതടസവും പനിയും ബാധിച്ച് കാസർകോട് ആശുപത്രിയിൽ ചികിത്സയിലിരിക്കെ ഇവർക്ക് കോവിഡ് സ്ഥിരീകരിച്ചത്.മംഗൽപാടി മുൻ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് പരേതനായ ഹാജി ബി.എസ്. അബ്ദുൾ റഹ്മാന്റെ ഭാര്യയാണ്.

ഒരു മാസം മുമ്പ് ഇവർ കർണ്ണാടകയിലെ ഒരു മരണവീട് സന്ദർശിച്ചിരുന്നതായി വിവരമുണ്ട്. അവിടെ നിന്നായിരിക്കാം കോവിഡ് ബാധിച്ചതെന്നു സംശയിക്കുന്നു. അബൂബക്കർ, ഇഫ്തിക്കാർ അഹമ്മദ്, മുഹമ്മദ് അജീം, മുഹമ്മദ് സുഹൈബ്, ശഹനാസ് ബാനു, സാഹിദാ ബാനു, സിറിൻ ബാനു എന്നിവർ മക്കളാണ്. സഹോദരങ്ങൾ: ഖലീൽ അഹമ്മദ്, സലീം, അമ്മജാൻ, അസ്മത് ബാനു, ഖൈറുന്നീസ.

വാഹനാപകടത്തിൽ കോവിഡ് രോഗിക്ക് പരിക്ക്

കാസർകോട്: ആംബുലൻസും മിനിലോറിയും കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ കോവിഡ് രോഗിക്ക് പരിക്ക്. ഇന്നലെ വൈകുന്നേരം പരവനടുക്കം കല്ലുവളപ്പിലാണ് അപകടം. ചെമ്മനാട് സ്വദേശി നിക്കാണ് പരിക്ക്.

ഇവരെയും കൊണ്ട് പരവനടുക്കത്തെ ലൈഫ് ലൈൻ സെന്ററിലേക്ക് പോകുന്നതിനിടയിലാണ് അപകടം.

സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന് കോവിഡ്; പ്രസിഡന്റും നേതാക്കളും നിരീക്ഷണത്തിൽ

കാഞ്ഞങ്ങാട്: മടിക്കൈ പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന് കോവിഡ് സ്ഥിരീകരിച്ചതിനെ തുടർന്ന് പഞ്ചായത്ത് പ്രസിഡന്റും സി പി എം നേതാക്കളും നിരീക്ഷണത്തിൽ. വീണ് കാലൊടിഞ്ഞ് ഒരു മാസക്കാലമായി വീട്ടിൽ വിശ്രമത്തിൽ ആയിരുന്നു സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ. ഇതിനിടയിൽ നിരവധി പേർ പല സമയങ്ങളിലായി കാണാൻ പോയിരുന്നു. സന്ദർശകരായെത്തിയവരിൽ നിന്നെങ്കിലുമായിരിക്കും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന് കോവിഡ് ബാധിച്ചതെന്ന് സംശയിക്കുന്നു. പത്ത് ദിവസത്തിനുള്ളിൽ ഇദ്ദേഹവുമായി സമ്പർക്കം പുലർത്തിവർ സ്വയം നിരീക്ഷണത്തിൽ പോകണമെന്ന് ഹെൽത്ത് ഇൻസ്പെക്ടർ അറിയിച്ചു. സമ്പർക്ക പട്ടികയിൽ പഞ്ചായത്ത് പ്രസിഡന്റും സി പി എം നേതാക്കളും ഉൾപ്പെടുന്നു. പനി, ചുമ, തലവേദന, തൊണ്ടവേദന, ശ്വാസതടസം, രുചിയില്ലായ്മ എന്നിവ ഉണ്ടെങ്കിൽ ആരോഗ്യ പ്രവർത്തകരുമായി ബന്ധപ്പെടണമെന്ന് കൂട്ടിച്ചേർത്തു.

യുവാവ് മഞ്ഞപ്പിത്തം ബാധിച്ച് മരിച്ചു

ബേക്കൽ: മഞ്ഞപ്പിത്തം ബാധിച്ച് ചികിത്സയിലായിരുന്ന യുവാവ് മരിച്ചു. ബേക്കലിലെ ഒരു ഹൈപ്പർ മാർക്കറ്റിലെ ജീവനക്കാരനായ പള്ളിക്കര ബീച്ചിലെ അനീഷ് (20) ആണ് മരിച്ചത്. ഇന്നു പുലർച്ചെ കണ്ണൂരിലെ സ്വകാര്യ ആശുപത്രിയിലായിരുന്നു അന്ത്യം.

"സന്തോഷ വാർത്ത"
01.08.2020 ന് നറുക്കെടുത്ത കേരള സംസ്ഥാന കാരുണ്യ 453മാത് ഭാഗ്യക്കുറിയുടെ
രണ്ടാം സമ്മാനമായ 5 ലക്ഷം രൂപ
കാസർകോട് ശ്രീ ഗണേഷ് ലോട്ടറി ഏജൻസീസ്
വിൽപന ചെയ്ത കാസർകോട് ജില്ലാ ടിക്കറ്റിന് ലഭിച്ചിരിക്കുന്നു.
N.B.: 7 ജില്ലാ ടിക്കറ്റുകൾ മൊത്തമായും, ചില്ലറയായും ലഭിക്കുന്നതാണ്.
ടിക്കറ്റ് നമ്പർ: KP 593544
ലോട്ടറി നറുക്കെടുപ്പിലൂടെ 80 ലക്ഷവും 60 ലക്ഷവും 40 ലക്ഷവും ഉൾപ്പെടെ നിരവധി സമ്മാനങ്ങൾ ഞങ്ങൾ വിറ്റ ടിക്കറ്റുകൾക്ക് ലഭിച്ചിരുന്നു.
SHRI GANESH LOTTERY AGENCY (SURYA)
Shop No.25, Municipal Shopping Complex,
New Bus Stand, Kasaragod
D.Praveen Kumar.
Mob:9562798312,
9074572101
Harish Kumar.A
Mob:9995051501,
7012301667